**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4871** **4.7.2012 ൽ മറുപടിയ്ക്ക്**

**ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച കൊട്ടാരക്കര താലൂക്കിലെ അപേക്ഷകൾ**

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; | (എ) | റവന്യൂവകുപ്പുമായി ബന്ധപ്പെട്ട 947 അപേക്ഷകൾ ലഭിച്ചിരുന്നു. മറ്റു വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | ആയതിൽ എത്ര പരാതികൾ പരിഹരിക്കപ്പെട്ടു; | (ബി) | 947 അപേക്ഷകളിൽ 873 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | ആയതിൽ ഇനിയും പരിഹാരം കാണാതെ അവശേഷിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (സി) | പരിഹാരം കാണാതെ അവശേഷിക്കുന്ന അപേക്ഷകൾ സർവ്വെ, പട്ടയം, പതിവ് തുടങ്ങിയവ സംബന്ധിച്ചുള്ളവയാണ്. ആയതിൽ സർവ്വെ കേസുകളിൽ കക്ഷികൾക്ക് രേഖ ഹാജരാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ഹാജരാക്കുന്ന മുറയ്ക്ക് നടപടി കൈക്കൊള്ളുന്നതുമാണ്. പട്ടയം/പതിവ് കേസുകളിൽ വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുള്ളതും കേരള ഭൂമി പതിവ് ചട്ട പ്രകാരം നടപടികൾ നടന്നുവരുന്നതും ആയത് പൂർത്തിയാക്കി പട്ടയം നൽകുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ വേണ്ടി പ്രതിമാസ അവലോകനവും പ്രത്യേക സെല്ലും ജില്ലാകളക്ട്രേറ്റിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ഡി) | ജില്ലയിലെ ജനസമ്പർക്ക പരിപാടി വഴി കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായമായി വിതരണം ചെയ്ത തുകയുടെ വിവരം വില്ലേജുകൾ തിരിച്ച് വെളിപ്പെടുത്തുമോ? | (ഡി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായമായി വിതരണം ചെയ്ത തുകയുടെ വിവരം വില്ലേജുകൾ തിരിച്ച് ചുവടെ കൊടുക്കുന്നു. |

| വില്ലേജ് | തുക (രൂപ) |
|---|---|
| കൊട്ടാരക്കര | 72,000/- |
| മൈലം | 53,000/- |
| കലയപുരം | 17,000/- |
| കരീപ്ര | 70,500/- |
| ഓടനാവട്ടം | 44,000/- |
| വെളിയം | 32,000/- |
| വാളകം | 9,000/- |
| എഴുകോൺ | 1,35,500/- |
| ഉമ്മന്നൂർ | 43,000/- |
| പുത്തൂർ | 57,000/- |
| കുളക്കട | 30,000/- |
| നെടുവത്തൂർ | 1,77,000/- |
| **ആകെ** | **7,40,000/-** |

സെക്ഷൻ ഓഫീസർ